"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എറണാകുളം കുന്നറ്റമറ്റം എസ്.സി കോളനി കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിലെ അഴിമതിയും ക്രമക്കേടുകളും സംബന്ധിച്ച പരാതി- വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - റിപ്പോർട്ടിലെ ശുപാർശകളിൽ തുടർ നടപടി തീർപ്പാക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്

---

**തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.2840/2025/LSGD തീയതി,തിരുവനന്തപുരം, 19-11-2025

---

| | | |
|---|---|---|
| പരാമർശം:- | 1. | വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26.08.2023-ലെ E10(SC-76/2022/EKM)1913/2022/DVACB നമ്പർ അന്വേഷണ റിപ്പോർട്ട്. |
| | 2. | 23.12.2023-ലെ ഇ.ആർ.ബി3/84/2023/ത.സ്വ.ഭ.വ നമ്പർ സർക്കാർ കത്ത് |
| | 3. | തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01.08.2025-ലെ LSGD/PD/68241/2023-VIGC2 നമ്പർ കത്ത് |

**ഉത്തരവ്**

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിലെ കുന്ന്ത്തുമറ്റം എസ്.സി കോളനി കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിലെ അഴിമതിയും ക്രമക്കേടുകളും സംബന്ധിച്ച പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ടി ഓഫീസിൽ മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത ഓഫീസിലെ എൽ.ഡി ടൈപ്പിസ്റ്റായ ശ്രീമതി.വന്ദന കെ.ജി യുടെ കൈവശം 80 രൂപയും, ഓഫീസ് അറ്റൻഡന്റായ ശ്രീ.സുരേഷ് കെ ജോസഫിന്റെ കൈവശം 3010 രൂപയും പരിശോധനാ വേളയിൽ കാണപ്പെട്ടിരുന്നെങ്കിലും ഓഫീസിലെ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ ആയത് രേഖപ്പെടുത്താതിനാൽ ടിയാളുകളിൽ നിന്നും വിശദീകരണം വാങ്ങി അവർക്കെതിരെ ഉചിത നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ടി റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു. പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിൻ പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറിൽ നിന്ന് ലഭിച്ച റിപ്പോർട്ടിൽ, ബന്ധപ്പെട്ട ഓഫീസിൽ 2021 വർഷം മുതൽ 2023 വർഷം വരെ ഉപയോഗിച്ച് വന്നിരുന്ന ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ സ്ഥിരമായി രേഖപ്പെടുത്തൽ വരുത്തി വന്നതായാണ് കാണാൻ കഴിഞ്ഞതെന്നും പരിശോധന ദിവസം രേഖപ്പെടുത്താൻ വിട്ടുപോയത് മന:പ്പൂർവമല്ല എന്നത് പരിഗണിയ്ക്കാവുന്നതാണെന്നും ആരോപണ

വിധേയരായ ഉദ്യോഗസ്ഥർ ഫയലുകൾ നേരിട്ട് കൈകാര്യം ചെയ്യുന്നവരല്ല എന്നും ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, മന:പൂർവമല്ലാതെ സംഭവിച്ച വീഴ്ച മാപ്പാക്കണമെന്ന ഉദ്യോഗസ്ഥരുടെ മറുപടി പരിഗണിക്കാവുന്നതാണെന്നും ടിയാളുകളിൽ നിന്ന് വിശദീകരണം ലഭ്യമാക്കിയ ശേഷം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വിജിലൻസ് റിപ്പോർട്ടിൽ ആരോപണ വിധേയരായ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിലെ എൽ.ഡി ടൈപ്പിസ്റ്റ് ശ്രീമതി.വന്ദന കെ.ജി., ഓഫീസ് അറ്റൻഡന്റ് ശ്രീ. സുരേഷ് കെ. ജോസഫ് എന്നിവർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ അഭിപ്രായ റിപ്പോർട്ടിൻ പ്രകാരം മേൽ പേര് പരാമർശിച്ച ഉദ്യോഗസ്ഥരെ വിജിലൻസ് റിപ്പോർട്ടിലെ ശുപാർശയിൻമേലുള്ള തുടർ നടപടികളിൽ നിന്ന് ഒഴിവാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABITHA BAI A S
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീമതി.വന്ദന കെ.ജി, എൽ.ഡി ടൈപ്പിസ്റ്റ്, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് എറണാകുളം (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2. ശ്രീ. സുരേഷ് കെ ജോസഫ്, ഓഫീസ് അറ്റൻഡന്റ്, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് എറണാകുളം (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ & ഇ), കേരള, തിരുവനന്തപുരം
6. വിജിലൻസ് (ഇ) വകുപ്പ്
7. വിവര പൊതുജന സമ്പർക്ക വകുപ്പ് ( web & new media)

8. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Dipukumar S L
Date: 19-11-2025 11:50:15
സെക്ഷൻ ഓഫീസർ